പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3948 — 31.1.2014-ൽ മറുപടിയ്ക്ക്

## കശുവണ്ടിതൊഴിലാളികളുടെ അവകാശം ഉറപ്പാക്കുന്ന എൻഫോഴ്സ്മെന്റ് നടപടികൾ കാര്യക്ഷമമാക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാസ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷന്റെയും , കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളുടെയും അവയിൽ അടച്ചിട്ടിരിക്കുന്ന ഫാക്ടറികളുടെയും വിശദാംശങ്ങൾ നൽകുമോ ; | (എ) പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിന് ആകെ 30 ഫാക്ടറികളാണ് ഉള്ളത് അവയിൽ 10 എണ്ണം സ്വന്തം ഫാക്ടറികളും 20 എണ്ണം ലീസിലുള്ളതുമാണ്. ഈ സാമ്പത്തിക വർഷം നാളിതുവരെ കോർപ്പറേഷൻ 187 ദിവസം ജോലി നൽകിയിട്ടുണ്ട്. കോൺട്രാക്ട് ചെയ്ത തോട്ടണ്ടി എത്തിച്ചേരാത്തത് കാരണം 13/01/2014 മുതൽ ഫാക്ടറികൾ അടഞ്ഞു കിടക്കുകയാണ്.<br><br>കശുവണ്ടി മേഖലയിലെ സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെ അധീനതയിൽ പത്ത് ഫാക്ടറികൾ നിലവിലുണ്ട്. കാപ്പെക്സിന്റെ അധീനതയിലുള്ള ഈ പത്ത് ഫാക്ടറികളും ഇപ്പോഴും പ്രവർത്തിച്ച് വരുന്നു. |

| | |
|---|---|
| (ബി) കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശം ഉറപ്പാക്കുന്ന എൻഫോഴ്സ്മെന്റ് നടപടികൾ ഊർജ്ജിതമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളിൽ സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണവും നിയമ ലംഘനവും പരിശോധിക്കുന്നതിന് സർക്കാർ നിർദ്ദേശാനുസരണം കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 154 ഫാക്ടറികളിൽ പരിശോധന നടത്തുകയുണ്ടായി. ആവിശ്യത്തിന് ടോയ് ലറ്റുകൾ, ഭക്ഷണ മുറി ഇവ ഇല്ലാതെ ഇരിക്കുക, ഉള്ളവ വൃത്തിഹീനമായി കിടക്കുക തുടങ്ങിയ ന്യൂനതകൾ ശ്രദ്ധയിൽപെട്ട 120 ഫാകടറികൾക്ക് ന്യൂനതകൾ എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയുണ്ടായി. ഇതിൽ 20 ഫാക്ടറികൾ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുകയും ഇതിനകം റിപ്പോർട്ട് ചെയ്യുകയും ചെയ്തു. തുടരന്വേഷണത്തിൽ ന്യൂനതകൾ പരിഹരിച്ച ഫാക്ടറികൾക്കെതിരെ നടപടികൾ അവസാനിപ്പിക്കുകയും യാതൊരു നടപടിയും കൈക്കൊള്ളാത്ത 47 ഫാക്ടറികൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. അത്തരത്തിൽ നോട്ടീസ് നൽകിയ 40 ഫാക്ടറികൾക്ക് നിശ്ചിത ദിവസത്തിനകം നടപടികൾ കൈക്കൊള്ളുന്നതിന് അവർ ആവശ്യപ്പെട്ട തനുസരിച്ച് ന്യായമായ സാവകാശം അനുവദിച്ചിട്ടുണ്ട്. എന്നാൽ കാരണം കാണിക്കൽ നൽകിയതിനു ശേഷവും യാതൊരുവിധ നടപടികളും സ്വീകരിക്കാത്ത 7 ഫാക്ടറികൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) സംസ്ഥാനത്ത് കുടിവറപ്പ സമ്പ്രദായം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) കുടിവറപ്പ സമ്പ്രദായം തടയുന്നതിനായി നിരവധി റെയ്ഡുകൾ നടത്തുകയും ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ ഊർജ്ജിതമായി കൈക്കൊള്ളുന്നതിന് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

Anadev

സെക്ഷൻ ഓഫീസർ